**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **17-09-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ**<br><br>**പ്രസരണ വിഭാഗം**<br><br>1. നിലവിലുണ്ടായിരുന്ന 33കെ.വി സബ്സ്റ്റേഷൻ കറ്റാനം, 66കെവിയായി (110കെ.വി നിലവാരത്തിൽ) ശേഷി വർദ്ധിപ്പിച്ചു. ഇതിനായി 3.65കി.മി 66 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ 110കെ.വി നിലവാരത്തിൽ നിർമ്മിച്ചു. പദ്ധതിക്ക് 11കോടി 13ലക്ഷം രൂപ ചെലവഴിച്ചു.<br><br>2. കായംകുളം 110കെവി സബ്സ്റ്റേഷനിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐപിഡിഎസിൽ ഉൾപ്പെടുത്തി 13.88 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി.<br><br>3. കറ്റാനം 66 കെ.വി സബ് സ്റ്റേഷനിൽ പുതുതായി ഒരു 66 / 11 കെവി 10 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. സ്റ്റേഷൻ കപ്പാസിറ്റി നിലവിലെ 20 എംവിഎ-യിൽ നിന്നും 30 എംവിഎ ആക്കുന്ന 206 ലക്ഷം രൂപ പ്രോജക്റ്റ് തുക വരുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്.<br><br>**വിതരണ വിഭാഗം** |

| **Name of the Project** | **Amount in Lakh (Rs)** |
|---|---|
| 1.Dyuthi 1(2018-2022) | 1665.89/- |
| 2.Dyuthi 2 (2022 -2025) | 1028.51/- |
| 3.Soura Phase1(19) | 64.19855/- |
| 4.Total Electrification work 2017 | 56.64285/- |
| 5.BPL Connection(1519) | 130.07197/- |
| 6.EV Charging stations(11) | 3.0679/- |
| 7.New Office Building | 60.84546/- |
| **Total amount in Lakh** | **3009.22673/-** |

കായംകുളം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. 2016 മുതൽ നാളിതുവരെ Rs.30,09,22,673/- (മുപ്പത് കോടി ഒൻപത് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ കായംകുളം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് വേണ്ടി 1,67,340/- രൂപ ചെലവാക്കിയിട്ടുണ്ട്. മൗണ്ടഡ് ചാർജ്ജിങ് സ്റ്റേഷനുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No. | Landmark | Section |
|---|---|---|
| 1 | Near AEO Office | Kayamkulam West |
| 2 | Near Railway Over bridge | Kayamkulam West |
| 3 | Near Pathiyoor ST.George Orthedox Church | Cheppad |
| 4 | Near Kottukulangara KWA Tank | Kayamkulam West |
| 5 | Kallumood Jn.<br><br>(Oppo. KPAC) | Krishnapuram |
| 6 | In front of Reliance Pump, Onnamkutty | Kayamkulam East |

**<u>അനെർട്ട്</u>**

കായംകുളം മണ്ഡലത്തിൽ 2016 വർഷം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കായംകുളം മണ്ഡലത്തിൽ 63 എണ്ണം ഗാർഹിക സൗരോർജ്ജ നിലയങ്ങൾ ആകെ 196 kWp ശേഷിയിൽ സ്ഥാപിച്ചു. ഇതിനായി കേന്ദ്ര സബ്സിഡിയായി 33,15,493/- രൂപ വിതരണം ചെയ്തിട്ടുണ്ട് (CFA – 33,15,493/-).
- കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ 3 kWp ഓൺ ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചു. ആകെ പദ്ധതി ചെലവ് 1,65,360/-രൂപ.
- കൃഷ്ണപുരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 3 kWp ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചു. ആകെ പദ്ധതി ചെലവ് 4,86,090/-രൂപ.
- കായംകുളം ഗവ. എൽ. പി. എസിൽ 3 kWp ഓൺ ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചു. ആകെ പദ്ധതി ചെലവ് - 1,69,096/-രൂപ.

| | | | |
|---|---|---|---|
| | | | • താലൂക്ക് ആശുപത്രിയിൽ 12 kWp ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചു. ആകെ പദ്ധതി ചെലവ് 10,08,880/- രൂപ.<br>• പെരുമ്പിള്ളി കോ-ഓപ്പറേറ്റീവ് ബാങ്കിൽ 2 kWp ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചു. ആകെ പദ്ധതി ചെലവ് - 2,48,703/- രൂപ.<br>• കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരത്തുള്ള KTDC Ahar Restaurant-ൽ അനെർട്ടും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL-ലും KTDC-യും സംയുക്തമായി ഇലക്ട്രിക്ക് കാർ ചാർജ്ജ് ചെയ്യുന്നതിനായി ഡിസി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചു. മേൽ പറഞ്ഞ പദ്ധതിക്കായി 4,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>**<u>എനർജി മാനേജ്മെന്റ് സെന്റർ (EMC)</u>**<br><br>നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി ആലപ്പുഴ ജില്ലയിൽ തെരഞ്ഞെടുത്ത ദേവികുളങ്ങര പഞ്ചായത്തിലെ 19 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ് ഇതുവഴി കാർബൺ ലഘൂകരണം നടക്കുകയും, നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങൾക്ക് ഒരു ചുവടുവെയ്പ്പാകുകയും ചെയ്യും. 19 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 1,78,467/-രൂപ ഇ എം സി ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ